# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003**

**ഫോൺ : 0471 2727378, 04712727379 email : obcdirectorate@gmail.com**

---

**BCDD /A3/ 924/17** *"ഭരണഭാഷ - മാതൃഭാഷ"* തീയതി: 02.06.2017

ഡയറക്ടർ

പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം : പി.വി.വി.വ - ഒ.ഇ.സി പ്രീമെട്രിക് സ്കോളർഷിപ്പ് (2017-18) നോട്ടിഫിക്കേഷൻ - സംബന്ധിച്ച്

സൂചന : ഈ ആഫീസിലെ 02.06.2017-ലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ പ്രീമെട്രിക് വിദ്യാലയങ്ങളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കുള്ള 2017-18 സാമ്പത്തിക വർഷത്തെ ഒ.ഇ.സി പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് സൂചന പ്രകാരം ഈ ആഫീസിൽ നിന്നും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺഎയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിലേയും പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റ് മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം ഓരോ സ്ഥാപനത്തിലേയും വിദ്യാർത്ഥികൾക്ക് ആവശ്യമായ തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടകളിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതാണ്.

പ്രധാനാധ്യാപകരും ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ എന്നിവരും ലോഗിൻ ചെയ്യുന്നതിനുള്ള യൂസർ ഐ.ഡി/പാസ്സ്‌സവേർഡ് എന്നിവ സമ്പൂർണ്ണയിലേത് തന്നെയാണ്,. പദ്ധതിയുമായി ബന്ധപ്പെട്ട് ഈ ആഫീസിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സൂചനയിലെ നോട്ടിഫിക്കേഷന്റെ പകർപ്പും അപേക്ഷാഫോറത്തിന്റെ പകർപ്പും ഇതോടൊപ്പം ചേർക്കുന്നു. ആയത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും എല്ലാ ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺഎയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിലെ പ്രധാനാധ്യാപകർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിന് താങ്കളുടേയും സഹപ്രവർത്തകരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്നന് കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
ഡയറക്ടർ

<u>പകർപ്പ്</u>

1 ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) (എല്ലാ ജില്ലകളും)
2 എല്ലാ എ.ഇ.ഒ/ഡി.ഇ.ഒ മാർക്കും - ഇമെയിൽ മുഖേന
3 ഡെപ്യൂട്ടി ഡയറക്ടർ, പി.സ.വി.വ - എറണാകുളം , കോഴിക്കോട്